



വോട്ടിംഗ് മെഷീൻ ചലഞ്ച് ഇന്ന് പ്രഖ്യാപിക്കും

ന്യൂഡൽഹി: ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ (ഇ.വി.എം) വിശ്വാസ്യത ബോദ്ധ്യപ്പെടുത്താൻ തിരഞ്ഞെടുപ്പ് കമ്മിഷൻ രാഷ്ട്രീയ പാർട്ടികൾക്കായി നടത്തുന്ന ഇ.വി.എം ചലഞ്ചിന്റെ തീയതി ഇന്ന് പ്രഖ്യാപിക്കും. വോട്ടിംഗ് മെഷീനുകളിൽ കൃത്രിമം നടക്കുമെന്ന രാഷ്ട്രീയ പാർട്ടികളുടെ ആരോപണം തെളിയിക്കുന്നതിന് വേദിയൊരുക്കുമെന്ന് സർവകക്ഷിയോഗത്തിൽ കമ്മിഷൻ വ്യക്തമാക്കിയിരുന്നു.

സൈന്യം സുസജ്ജം: അരുൺ ജയ്റ്റ്‌ലി

ശ്രീനഗർ: അതിർത്തിയിൽ വെടിനിറുത്തൽ കരാർ ലംഘിക്കുന്ന പാകിസ്ഥാന് ഇന്ത്യ തക്കതായ മറുപടി നൽകുമെന്ന് പ്രതിരോധ മന്ത്രി അരുൺ ജയ്റ്റ്‌ലി പറഞ്ഞു. നിയന്ത്രണരേഖയിൽ സന്ദർശനം നടത്തിയ ശേഷമാണ് പാകിസ്ഥാന് ജയ്റ്റ്‌ലി മുന്നറിയിപ്പ് നൽകിയത്.

ഏതുതരത്തിലുള്ള കടന്നുകയറ്റവും നേരിടാൻ ഇന്ത്യൻ സേന സജ്ജമാണ്. സേനയുടെ തയ്യാറെടുപ്പിനും അഭിനിവേശത്തിനും അഭിനന്ദനം. ഒരുവിധ കടന്നുകയറ്റവും അനുവദിക്കില്ലെന്നതിൽ സൈന്യത്തിന് ആത്മവിശ്വാസമുണ്ട്- ജയ്റ്റ്‌ലി പറഞ്ഞു.

യു.എസിൽ പിടിയിലായ ഇന്ത്യക്കാരൻ മരിച്ചു

ന്യൂയോർക്ക്: രേഖകളില്ലാതെ യു.എസിലെത്തി പിടിയിലായ ഇന്ത്യൻ പൗരൻ മരിച്ചു. ഹൃദയസംബന്ധമായ തകരാറിനെ തുടർന്ന കസ്റ്റഡിയിലിരിക്കെ അറ്റ്ലാന്റയിലെ ആശുപത്രിയിലാണ് അതുൽ കുമാർ ബാബുഭായ് പട്ടേലിന്റെ മരണമെന്ന് യു.എസ് അധികൃതർ അറിയിച്ചു. യു.എസ് എമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്‌മെന്റ് (ഐ.സി.ഇ) ആണ് കഴിഞ്ഞ ആഴ്ച ഇയാളെ കസ്റ്റഡിയിൽ എടുത്തത്. ഐ.സി.ഇയുടെ കസ്റ്റഡിയിലിരിക്കെ ഈ വർഷം മരിക്കുന്ന എട്ടാമത്തെയാളാണ് പട്ടേൽ.

ഇക്വഡോറിൽനിന്ന് ഈ മാസം 10നാണ് പട്ടേൽ അറ്റ്ലാന്റ വിമാനത്താവളത്തിലെത്തിയത്. രേഖകൾ കൈവശം ഇല്ലാത്തതിനാൽ രാജ്യത്തു പ്രവേശിക്കുന്നതിൽനിന്ന് വിലക്കുകയും ഐ.സി.ഇക്കു കൈമാറുകയുമായിരുന്നു. പ്രാഥമിക മെഡിക്കൽ പരിശോധനകൾ നടത്തിയപ്പോൾ ഉയർന്ന രക്തസമ്മർദ്ദവും പ്രമേഹവും ഇയാളെ അലട്ടിയിരുന്നതായി കണ്ടെത്തിയിരുന്നു. രണ്ടു ദിവസങ്ങൾക്കുശേഷം ശ്വാസ തടസത്തെ തുടർന്ന് വീണ്ടും ആശുപത്രിയിലേക്കു മാറ്റി. അവിടെ വച്ചായിരുന്നു മരണം.

കൽക്കരി അഴിമതിക്കേസ്

മുൻ കൽക്കരി സെക്രട്ടറിയും കുറ്റക്കാരനെന്ന് കോടതി

സ്വന്തം ലേഖകൻ

കോടതിയിലെ കേസുകൾ

ബിർളയുടെ ഹിൻഡാൽക്കോ, ജിൻഡാൽ, ടാറ്റ തുടങ്ങിയ 25 ഓളം കമ്പനികൾക്ക് അനധികൃതമായി കൽക്കരിപ്പാടം അനുവദിച്ച കേസുകളാണ് പ്രത്യേക കോടതി പരിഗണിക്കുന്നത്. ഇതിൽ എട്ട് കേസുകളിൽ എച്ച്.സി. ഗുപ്ത പ്രതിയാണ്.

കൽക്കരി അഴിമതിയുമായി ബന്ധപ്പെട്ട മൂന്നാമത്തെ കേസിലാണ് പ്രത്യേക കോടതി വിധി പുറപ്പെടുവിച്ചത്. നേരത്തേ ഛത്തീസ്ഗഡിലെ കെസ്ല നോർത്ത് ബ്ലോക്ക് അനധികൃതമായി നേടിയെടുത്ത രതി സ്റ്റീൽ ആൻഡ് പവർ ലിമിറ്റഡിലെ (ആർ.എസ്.പി.എൽ) മൂന്ന് ഉദ്യോഗസ്ഥരെയും ജാർഖണ്ഡിലെ ഇസ്പത് പ്രൈവറ്റ് ലിമിറ്റഡിന്റെ (ജെ.ഐ.പി.എൽ) ഡയറക്ടർമാരെയും കുറ്റക്കാരാണെന്ന് കണ്ടെത്തി പ്രത്യേക സി.ബി.ഐ കോടതി ശിക്ഷിച്ചിരുന്നു.

ന്യൂഡൽഹി: കൽക്കരിപ്പാടം വിതരണവുമായി ബന്ധപ്പെട്ട അഴിമതിക്കേസിൽ കൽക്കരി വകുപ്പ് മുൻ സെക്രട്ടറി എച്ച്.സി. ഗുപ്ത ഉൾപ്പെടെ മൂന്ന് പേർ കുറ്റക്കാരാണെന്ന് സി.ബി.ഐ കോടതി വിധിച്ചു.

മദ്ധ്യപ്രദേശിലെ രുദ്രപുരയിലെ കൽക്കരിപ്പാടം കമൽ സ്പോഞ്ച് സ്റ്റീൽ ആൻഡ് പവർ ലിമിറ്റഡിന് (കെ.എസ്.എസ്.പി.എൽ) അനധികൃതമായി നൽകിയ കേസിലാണ് നടപടി. ഗുപ്തയ്ക്ക് പുറമേ കൽക്കരിവകുപ്പ് മുൻ ജോയിന്റ് സെക്രട്ടറി കെ.എസ്. ക്രോഫ, കൽക്കരിപ്പാടം വിതരണത്തിന്റെ ഡയറക്ടറായ കെ.സി. സമറിയ എന്നീ ഉദ്യോഗസ്ഥരും കമ്പനിയുടെ എം.ഡി പവൻ കുമാർ അഹ്‌ലുവാലിയയും കമ്പനിയും കേസിൽ കുറ്റക്കാരാണെന്ന് പ്രത്യേക സി.ബി.ഐ കോടതി ജഡ്ജി ഭരത് പരാശരൻ വിധിച്ചു. ഇവർക്കുള്ള ശിക്ഷ 22ന് വിധിക്കും.

ഇന്ത്യൻശിക്ഷ നിയമത്തിലെ 120 ബി (ക്രിമിനൽ ഗൂഢാലോചന) വകുപ്പ് പ്രകാരമുള്ള കുറ്റവും അഴിമതി നിരോധന നിയമത്തിലെ വകുപ്പുകളുമാണ് പ്രതികൾക്കെതിരെ തെളിഞ്ഞത്. കേസിലെ പ്രതിയായ ചാർട്ടേഡ് അക്കൗണ്ടന്റ് അമിത് ഗോയലിനെ വെറുതേവിട്ടു. കൽക്കരിപ്പാടത്തിനായി കമ്പനി നൽകിയ അപേക്ഷ പോലും അപൂർണമായിരുന്നുവെന്ന് കോടതി കണ്ടെത്തി. നടപടിക്രമങ്ങൾ പാലിക്കാതെയുള്ള അപേക്ഷ പരിഗണിച്ചാണ് കൽക്കരിപ്പാടം അനുവദിച്ചത്.

കമ്പനിക്ക് കൽക്കരിപ്പാടം അനുവദിക്കണമെന്ന് സംസ്ഥാന സർക്കാർ ശുപാർശ ചെയ്തിരുന്നില്ല. കഴിഞ്ഞവർഷം ഒക്ടോബറിലാണ് പ്രതികൾക്കെതിരായ കുറ്റം ചുമത്തിയത്.

വിക്കിലീക്സ്

രഹസ്യങ്ങളിലേക്കുള്ള താക്കോൽ പഴുത്

ലോക സൈബർ ചരിത്രത്തിലെ ഏറ്റവും വലിയ വെളിപ്പെടുത്തലുകൾ ഇന്നും ജൂലിയൻ അസാൻജിനും വിക്കിലീക്സിനും മാത്രം അവകാശപ്പെട്ടതാണ്.2010 ൽ ഇറാക്കിലും അഫ്ഗാനിസ്ഥാനിലും അമേരിക്ക നടത്തിയ ആക്രമണങ്ങളുടെ നേർചിത്രം പുറത്തുകൊണ്ടുവന്ന വിക്കിലീക്സ് യു.എസിന് എന്നും തലവേദനയാണ്

2010 ഏപ്രിലിൽ ഇറാക്ക് യുദ്ധത്തിനിടെ (2007) രണ്ട് പത്രപ്രവർത്തകരുൾപ്പെടെ പതിനെട്ടോളം പേരെ യു.എസ് പട്ടാളക്കാർ കൊന്നൊടുക്കുന്ന വീഡിയോ പുറത്തുവിട്ടു

2010 ജൂലായിൽ അഫ്ഗാൻ വാർ ഡയറി എന്ന പേരിൽ അഫ്ഗാൻ യുദ്ധവുമായി ബന്ധപ്പെട്ട് അതുവരെ പുറത്തറിയാത്ത വിവരങ്ങളടങ്ങിയ 76,900 രേഖകൾ പുറത്തുവിട്ടു.

2010 ഒക്ടോബറിൽ മറ്റു മാദ്ധ്യമസ്ഥാപനങ്ങളുമായി സഹകരിച്ച് സ്വരൂപിച്ച ഇറാക്ക് യുദ്ധവുമായി ബന്ധപ്പെട്ട 4,00,000 രേഖകൾ

2010 ഡിസംബറിൽ വിവിധ രാജ്യങ്ങളിലെ അമേരിക്കൻ നയതന്ത്രജ്ഞർക്ക് ചാരപ്പണിയുണ്ടെന്ന് വിക്കിലീക്സ് വെളിപ്പെടുത്തി. ഇറാനെ ആക്രമിക്കാൻ അമേരിക്കയോട് സൗദി അടക്കമുള്ള രാജ്യങ്ങൾ ആവശ്യപ്പെട്ടതായും വിവിധ ലോകനേതാക്കളെക്കുറിച്ച് അമേരിക്ക നടത്തിയ മോശപ്പെട്ട കമന്റുകളുമൊക്കെ ലോകത്തെ അന്ന് പിടിച്ചുകുലുക്കി. അത്യാവശ്യഘട്ടങ്ങളിൽ ഉപയോഗിക്കാൻ ഇന്ത്യ തയ്യാറാക്കിയ കോൾഡ് സ്റ്റാർട്ട് എന്ന യുദ്ധപദ്ധതി അമേരിക്ക അറിഞ്ഞെന്നും ഐക്യരാഷ്ട്രസഭ രക്ഷാസമിതിയിൽ അംഗമാകുക എന്ന ഇന്ത്യൻ മോഹത്തെ അമേരിക്കൻ വിദേശകാര്യ സെക്രട്ടറി ഹിലാരി ക്ലിന്റൺ പുച്ഛിച്ചു തള്ളിയതും അന്ന് പുറത്തുവന്ന രേഖകളിൽ ഉൾപ്പെടുന്നു.

- ● വിവരങ്ങൾ പുറത്തായതോടെ വിക്കിലീക്സ് എന്ന വെബ്സൈറ്റ് തകർക്കാനുള്ള ശ്രമം പലതവണ അമേരിക്കയുടെ ഭാഗത്തുനിന്നുണ്ടായി.
- ● വ്യക്തമായ ഓഫീസോ ശമ്പളം പറ്റുന്ന ജോലിക്കാരോ ഇല്ലാത്ത വിക്കിലീക്സിന്റെ പ്രവർത്തനരീതിതന്നെ അതീവരഹസ്യവും നിഗൂഢവുമാണ്.
- ● വിക്കിലീക്സിനു പിന്നിൽ പ്രവർത്തിക്കുന്ന വോളന്റിയർമാർ ചെയ്യുന്ന ചെറിയ ചെറിയ ജോലികൾ നിയന്ത്രിക്കുന്നത് വിരലിലെണ്ണാവുന്നവർ മാത്രമാണ്. പരസ്പര ആശയവിനിമയം നടത്തുന്നത് എൻക്രിപ്ട് ചെയ്ത ഓൺലൈൻ ചാറ്റ് സർവീസ് വഴിയാണ്.

ഹിലാരിയെ തോല്പിച്ചതും

അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് സ്ഥാനാർത്ഥി ഹിലാരി ക്ലിന്റനെ വീഴ്ത്തിയത് ഇ മെയിൽ ചോർച്ച വിവാദവും വിക്കിലീക്സ് മേധാവി ജൂലിയൻ അസാൻജിന്റെ ആക്രമണങ്ങളുമാണ്. തിരഞ്ഞെടുപ്പിന്റെ അവസാന ആഴ്ചകളിൽ വിക്കിലീക്സ് തുടർച്ചയായി ഹിലാരിയെ ആക്രമിക്കാൻ തുടങ്ങിയതോടെ, വോട്ടർമാർക്കു പോലും അത്ര താത്പര്യമില്ലാതിരുന്ന റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡൊണാൾഡ് ട്രംപിന് വിജയത്തിലേക്കുള്ള വഴി തെളിയുകയായിരുന്നു.

സ്വകാര്യ സെർവർ ഉപയോഗിച്ചതിനാൽ വിക്കിലീക്സിന് ഹിലാരിയുടെ മെയിലിൽനിന്നു പല വിവരങ്ങളും ചോർത്താനായി.

ഇക്വഡോർ എംബസിയിൽ കഴിഞ്ഞിരുന്ന അസാൻജ് ബാൽക്കണിയിൽ വന്നും ടെലികോൺഫറൻസിലൂടെയും മാത്രമാണ് സംവദിച്ചിരുന്നത്. ഇന്റർനെറ്റിലെ പുത്തൻ സാങ്കേതികവിദ്യകളുപയോഗിച്ച് മാദ്ധ്യമപ്രവർത്തനരംഗത്ത് ഒരു പുതിയ പാത തുറന്നിടുകയായിരുന്നു വിക്കിലീക്സ്

രാഷ്ട്രീയത്തിൽ മാറ്റം വരണം: രജനികാന്ത്

കോടമ്പാക്കം: നിലവിലുള്ള രാഷ്ട്രീയ സംവിധാനത്തിൽ മാറ്റം അനിവാര്യമാണെന്ന് ആരാധകരോട് പറഞ്ഞ രജനികാന്ത് രാഷ്ട്രീയ പ്രവേശനവുമായി ബന്ധപ്പെട്ട അഭ്യൂഹങ്ങൾക്ക് ആക്കം കൂട്ടി. ഇന്നത്തെ രാഷ്ട്രീയ സംവിധാനം ജനങ്ങളെക്കുറിച്ച് ചിന്തിക്കുന്നില്ല. അവർക്കുവേണ്ടി ഒന്നും ചെയ്യുന്നില്ല. ഇതിൽ മാറ്റം വരണമെന്നും രജനി പറഞ്ഞു. രാഘവേന്ദ്ര കല്യാണ മണ്ഡപത്തിൽ ആരാധകരുമായി നടത്തിയ കൂടിക്കാഴ്ചയിലായിരുന്നു രാഷ്ട്രീയച്ചുവയുള്ള അദ്ദേഹത്തിന്റെ പ്രസ്താവന. കഴിഞ്ഞ നാലു ദിവസമായി ആരാധകരുമായി അദ്ദേഹം നടത്തിവരുന്ന കൂടിക്കാഴ്ച ഇന്നലെ അവസാനിച്ചു.

കർണാടകയിൽനിന്നുള്ളയാളായിട്ടും തമിഴ്നാട്ടുകാർ തന്നെ സ്വീകരിച്ച്, സമ്പൂർണ തമിഴനാക്കി മാറ്റിയെന്നും അദ്ദേഹം പറഞ്ഞു. താൻ കർണാടകയിൽ 23 വർഷം ജീവിച്ചു, തമിഴ്നാട്ടിൽ 43 വർഷവും. തമിഴനെന്ന് അറിയപ്പെടുന്നതിൽ അഭിമാനമുണ്ട്. ആരാധകരാണ് എന്നെ തമിഴനാക്കിയത്. നിങ്ങളെപ്പോലെതന്നെ എനിക്കും ഉത്തരവാദിത്വങ്ങളും ജോലികളുമുണ്ട്. നമുക്ക് അതു ചെയ്യാം. അന്തിമയുദ്ധം വരുമ്പോൾ നമുക്കു കാണാമെന്നും രജനികാന്ത് പറഞ്ഞു. രജനികാന്ത് തമിഴനല്ലെന്ന ബി.ജെ.പി നേതാവും എം.പിയുമായ സുബ്രഹ്മണ്യൻ സ്വാമിയുടെ പ്രസ്താവനയ്ക്ക് മറുപടി നൽകുകയായിരുന്നു അദ്ദേഹം.

അതേസമയം, ബി.ജെ.പിയിലേക്കു ക്ഷണിച്ചു കൊണ്ടുള്ള കേന്ദ്രമന്ത്രി പൊൻരാധാകൃഷ്ണന്റെ പ്രസ്താവനയെക്കുറിച്ച് ഒന്നും പറയാനില്ലെന്ന് രജനികാന്ത് നേരത്തേ വ്യക്തമാക്കിയിരുന്നു.

ജാദവ് കേസ് :വീണ്ടും പരിഗണിക്കണമെന്ന് പാക് ഹർജി

ഇസ്ലാമാബാദ്: കുൽഭൂഷൺ ജാദവ് കേസിൽ വീണ്ടും വാദം കേൾക്കണമെന്ന് ആവശ്യപ്പെട്ട് പാകിസ്ഥാൻ ഹേഗിലെ അന്താരാഷ്ട്ര നീതിന്യായ കോടതിയെ സമീപിച്ചതായി റിപ്പോർട്ട്.

ഇതുസംബന്ധിച്ച ഹർജി കോടതിയിൽ സമർപ്പിച്ചതായി പാക് മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ആറാഴ്ചയ്ക്കുള്ളിൽ കേസ് വീണ്ടും പരിഗണിക്കണമെന്നാണ് പാകിസ്ഥാൻ ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ ഇതുസംബന്ധിച്ച് പാകിസ്ഥാൻ ഔദ്യോഗിക സ്ഥിരീകരണങ്ങളൊന്നും നൽകിയിട്ടില്ല. വ്യാഴാഴ്ച കുൽഭൂഷൺ ജാദവിന്റെ വധശിക്ഷ നടപ്പാക്കുന്നത് സ്റ്റേ ചെയ്ത് അന്താരാഷ്ട്ര കോടതി ഉത്തരവിട്ടിരുന്നു.

കേസിൽ അന്തിമ വിധി പ്രഖ്യാപിക്കും വരെ വധശിക്ഷ നടപ്പാക്കരുതെന്നാണ് അന്താരാഷ്ട്ര കോടതി ജഡ്ജി റോണി എബ്രഹാം ഉത്തരവിട്ടത്. കേസിൽ ഇടപെടാൻ ഇന്ത്യയ്ക്ക് അവകാശമുണ്ടെന്ന് വിലയിരുത്തിയ കോടതി പാകിസ്ഥാൻ കേസിൽ തിടുക്കം കാണിക്കുന്നതായും കുറ്റപ്പെടുത്തിയിരുന്നു. കേസിലെ പരാജയത്തിൽ പ്രതിപക്ഷ കക്ഷികളിൽ നിന്ന ശക്തമായ ആക്രമണം ഉണ്ടായതോടെയാണ് പാക് സർക്കാർ വീണ്ടും കോടതിയെ സമീപിച്ചിരിക്കുന്നത് എന്നാണ് റിപ്പോർട്ട്. കേസ് അന്താരാഷ്ട്ര കോടതിയുടെ അധികാര പരിധിക്ക് പുറത്താണെന്ന വാദവും പാകിസ്ഥാൻ ഉന്നയിച്ചിട്ടുണ്ട്. നേരത്തേ ഈ വാദം കോടതി തള്ളിയതാണ്.

കേസിൽ ഇതുവരെ വാദിച്ചിരുന്ന ഖവാർ ഖുറേഷിയെ മാറ്റി പുതിയൊരു അഭിഭാഷക സംഘത്തെ നിയമിക്കുമെന്ന് പാകിസ്ഥാൻ നേരത്തേ അറിയിച്ചിരുന്നു. എന്നാൽ, ഖുറേഷി വീണ്ടും ഹാജരായേക്കുമെന്നാണ് ഇപ്പോൾ വരുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

റേറ്റിംഗിൽ അട്ടിമറി: ബാർക്കിനെതിരെ ദേശീയ ചാനലുകൾ

റിപ്പബ്ലിക്കിന് റേറ്റിംഗ് നൽകിയതിൽ കൃത്രിമമെന്ന്

ന്യൂഡൽഹി: സംപ്രേക്ഷണം തുടങ്ങി രണ്ടാഴ്ച പിന്നിട്ടും മുൻപ് ഏറ്റവും കൂടുതൽ ആളുകൾ കാണുന്ന ചാനലായി അർണബ് ഗോസ്വാമിയുടെ റിപ്പബ്ലിക് റേറ്റിംഗ് നൽകിയ ബ്രോഡ്‌കാസ്റ്റ് ഓഡിയൻസ് റിസർച്ച് കൗൺസിലിന് (ബാർക്ക്) എതിരെ ദേശീയ ചാനലുകൾ രംഗത്തെത്തി. റിപ്പബ്ലിക് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന റേറ്റിംഗ് പുറത്തുവിടരുതെന്ന ന്യൂസ് ബ്രോഡ്കാസ്റ്റേഴ്സ് അസോസിയേഷന്റെ (എൻ.ബി.എ) ആവശ്യം ബാർക്ക് തള്ളിയിരുന്നു. ഇതിന് പിന്നാലെ ബാർക്കിൽ നിന്നും പുറത്തുപോകാൻ ദേശീയ ചാനലുകൾ തീരുമാനിച്ചു.

മേയ് ആറ് മുതൽ മേയ് 12വരെ ഏറ്റവും കൂടുതൽ ആളുകൾ കണ്ടത് റിപ്പബ്ലിക് ടിവിയാണെന്നാണ് ബാർക്ക് റേറ്റിംഗിലുള്ളത്. ടൈംസ് നൗ, എൻ.ടി.ഡി.വി, ഇന്ത്യാ ടുഡെ, സി.എൻ.എൻ ന്യൂസ് തുടങ്ങിയ പ്രമുഖ ചാനലുകൾ റിപ്പബ്ലിക്കിനെക്കാൾ ഏറെ പിന്നിലാണെന്നാണ് റേറ്റിംഗിൽ പറയുന്നത്. ഇതിന് പിന്നാലെ, തങ്ങളാണ് ഇന്ത്യയിലെ ഒന്നാം നമ്പർ എന്ന അവകാശവാദവുമായി അർണാബ് ഗോസ്വാമി രംഗത്തുവരികയും ചെയ്തിരുന്നു. എന്നാൽ, ഈ കണക്കുകൾ തെറ്റാണെന്നാണ് മറ്റ് ചാനലുകളുടെ വാദം.

ടെലികോം അതോറിട്ടി ഒഫ് ഇന്ത്യയുടെ (ട്രായ്) നിയമങ്ങൾ ലംഘിച്ച് ഹാത്‌വേ, ഡെൻ പോലുള്ള നെറ്റ്‌വർക്കുകളിൽ ഒന്നിലേറെ നമ്പറുകളിൽ റിപ്പബ്ലിക് ചാനൽ ലഭ്യമാകുന്നുണ്ട്. ഇത് നിയമവിരുദ്ധമാണെന്നാണ് എൻ.ബി.എയുടെ വാദം. ഇതുമായി ബന്ധപ്പെട്ട് എൻ.ബി.എ ട്രായ്ക്കും പരാതി നൽകി. ബാർക്കിനും ട്രായ്ക്കും നൽകിയ പരാതികളിൽ തീർപ്പുണ്ടാകുന്നത് വരെ റേറ്റിംഗ് പുറത്തുവിടരുതെന്ന് എൻ.ബി.എ സെക്രട്ടറി ജനറൽ ആനി ജോസഫ് ബാർക്ക് സി.ഇ.ഒ പാർത്ഥോ ദാസ്ഗുപ്തയ്ക്ക് അയച്ച കത്തിൽ ആവശ്യപ്പെട്ടു. ഈ ആവശ്യം തള്ളി റേറ്റിംഗ് പുറത്തുവിട്ടതോടെയാണ് ബാർക്കിൽ നിന്നും പുറത്തുപോകാൻ ദേശീയ വാർത്താ ചാനലുകൾ തീരുമാനിച്ചത്.

വിവിധം

കാമുകിയെ കഴുത്തിൽ ഷാൾ മുറുക്കി കൊലപ്പെടുത്തി; യുവാവ് അറസ്റ്റിൽ

ഹരിപ്പാട്: കാമുകിയെ കഴുത്തിൽ ഷാൾ മുറുക്കി കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് യുവാവിനെ പൊലീസ് അറസ്റ്റ് ചെയ്തു. കറ്റാനം ഭരണിക്കാവ് പുത്തൻ പുരയിൽ പടീറ്റതിൽ ഭാനുവിന്റെ മകൾ പുഷ്പകുമാരി (ലക്ഷ്മി -44) ആണ് കൊല്ലപ്പെട്ടത്. ഹരിപ്പാട് കുമാരപുരം പൊത്തപ്പള്ളി ശാന്താ ഭവനിൽ വേണു (39) ആണ് അറസ്റ്റിലായത്. വ്യാഴാഴ്ച വൈകിട്ട് 7ന് മാധവ ജംഗ്ഷന് സമീപം വാടകവീട്ടിലാണ് സംഭവം.

പൊലീസ് പറയുന്നത്: ഒരാഴ്ച മുൻപാണ് വേണു മാധവ ജംഗ്ഷനിൽ വീട് വാടകയ്ക്ക് എടുത്തത്. മൂന്ന് ദിവസം മുൻപ് ഇരുവരും ഇവിടെ താമസത്തിന് എത്തി. ഇരുവരും വേറെ വിവാഹം കഴിച്ചവരാണ്. പുഷ്പകുമാരിയുടെ ഭർത്താവ് മരണമടഞ്ഞിരുന്നു. സുഹൃത്ത് വഴിയാണ് വേണുവിന് പുഷ്പകുമാരിയുടെ മൊബൈൽ നമ്പർ ലഭിച്ചത്. രണ്ടു മാസം മുൻപ് ഫോണിലൂടെ പരിചയപ്പെട്ട ഇരുവരും പല സ്ഥലങ്ങളിലും ഒരുമിച്ച് താമസിച്ച ശേഷമാണ് ഹരിപ്പാട്ട് എത്തിയത്. പുഷ്പകുമാരിയെ വിവാഹം കഴിക്കാൻ വേണു താത്പര്യം പ്രകടിപ്പിച്ചിരുന്നു. ബുധനാഴ്ച പുഷ്പകുമാരിയുടെ ഫോണിൽ വന്ന കാളിനെച്ചൊല്ലി തർക്കം ഉണ്ടായി. വേണു പുഷ്പകുമാരിയുടെ ഫോൺ എറിഞ്ഞുടച്ചു. വഴക്കു തുടർന്നപ്പോൾ പുഷ്പകുമാരി വീട് വിട്ട് പോകാൻ ഒരുങ്ങി. ഇനിയും ഇത് തുടർന്നാൽ താൻ ജീവൻ ഒടുക്കുമെന്ന് പറഞ്ഞ് ഷാൾ കഴുത്തിൽ മുറുകി കാണിക്കുകയും ചെയ്തു. 'നീ ചാകണ്ട ,ഞാൻ കൊല്ലാം' എന്ന് പറഞ്ഞ് വേണു ഷാൾ മുറുക്കി കൊലപ്പെടുത്തുകയായിരുന്നു. പിന്നീട് വേണു സുഹൃത്ത് മഹേഷിനെ വിളിക്കുകയും കുറച്ചു മാലിന്യം കുഴിച്ചിടാൻ ഉണ്ടെന്ന് പറഞ്ഞ് കൂട്ടിക്കൊണ്ടു വരികയും ചെയ്തു. ഇവർ വീട്ടിൽ ഇരുന്നു മദ്യപിച്ചു. പിന്നീടാണ് മഹേഷിനെ മൃതദേഹം കാണിക്കുന്നത്. ഭയന്ന മഹേഷ് ഉമ്പകൊണ്ടുവരാമെന്ന് പറഞ്ഞ് മടങ്ങി ഹരിപ്പാട് പൊലീസ് സ്റ്റേഷനിൽ എത്തി വിവരം അറിയിക്കുകയായിരുന്നു. വേണു മേസ്തിരി പണിക്കാരനാണ്. ഫോറൻസിക് വിദഗ്ദ്ധരും, വിരലടയാള വിദഗ്ദ്ധരും, ഡോഗ് സ്ക്വാഡും സ്ഥലത്തെത്തി പരിശോധന നടത്തി. എറണാകുളം ഡെപ്യൂട്ടി കമ്മിഷണർ യതീഷ് ചന്ദ്ര, കായംകുളം ഡിവൈ. എസ്.പി അനിൽ ദാസ്, തുടങ്ങിയവർ സ്ഥലത്തെത്തി.

മനുഷ്യന്റെ കത്തിക്കരിഞ്ഞ ശരീരം: ഫോറൻസിക് മെഡിക്കൽ സംഘം പരിശോധന നടത്തി

പത്തനാപുരം: നിർമ്മാണം പൂർത്തിയാകാത്ത കെട്ടിടത്തിൽ മനുഷ്യന്റെ കത്തിക്കരിഞ്ഞ ശരീരാവശിഷ്ടങ്ങൾ കണ്ടെത്തിയ സംഭവത്തിൽ ഫോറൻസിക് മെഡിക്കൽ സംഘം പരിശോധന നടത്തി. പുരുഷ ശരീരമാണെന്നാണ് പ്രാഥമിക നിഗമനം.

സംഭവസ്ഥലം സന്ദർശിച്ച് അസ്ഥികളും തലയോട്ടും മണ്ണിന്റെ സാമ്പിളും ശേഖരിച്ചു. ഒരാഴ്ചയ്ക്കുള്ളിൽ വിശദമായ റിപ്പോർട്ട് പൊലീസിന് കൈമാറും. പൊലീസ് നടത്തിയ പരിശോധനയിൽ പഴ്സ്, താക്കോലുകൾ, തീപ്പെട്ടികൾ എന്നിവ കണ്ടെടുത്തു.

കിഴക്കൻ മേഖലയിൽ നിന്ന് കാണാതായവരുടെ വിവരങ്ങൾ പൊലീസ് ശേഖരിക്കുന്നുണ്ട്.

പത്തനാപുരത്ത് മനുഷ്യശരീരം കത്തിക്കരിഞ്ഞ നിലയിൽ കണ്ട ഭാഗം ഫോറൻസിക് മെഡിക്കൽ സംഘം പരിശോധന നടത്തുന്നു

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഫോറൻസിക് പ്രൊഫസറും പൊലീസ് സർജനുമായ ഡോ. ശശികല, പൊലീസ് സർജൻ ഡോ. നിവിൻ, ഓഫീസർ രാജൻ എന്നിവരാണ് സംഘത്തിൽ ഉണ്ടായിരുന്നത്. പുനലൂർ എ.എസ്.പി കാർത്തികേയൻ ഗോകുൽചന്ദ്, പത്തനാപുരം സി.ഐ നന്ദകുമാർ, എസ്.ഐ അബ്ദുൽ മനാഫ് എന്നിവരുടെ നേതൃത്വത്തിലാണ് അന്വേഷണം.

മകരവിളക്ക്: ബോർഡ് തീരുമാനം തിരുത്തണമെന്ന് മലഅരയ സഭ

തിരുവനന്തപുരം : ശബരിമല ക്ഷേത്രത്തിലെ രണ്ടു തന്ത്രിമാരിൽ ഒരാളെ പൊന്നമ്പലമേട്ടിലേക്ക് മകരവിളക്ക് ദിവസം പൂജ നടത്താൻ അയയ്ക്കണമെന്നും ഭാവിയിൽ ദിവ്യ ജ്യോതി പ്രതിഷ്ഠിക്കുമെന്നുമുള്ള ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണന്റെ നിലപാട് തിരുത്തണമെന്ന് അഖില കേരള തിരുവിതാംകൂർ മലഅരയ സഭ ജനറൽ സെക്രട്ടറി കെ.കെ. ഗംഗാധരൻ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു. മകരവിളക്ക് സംബന്ധിച്ച് ആചാര വിരുദ്ധമായ നടപടികളാണ് ദേവസ്വം ബോർഡ് ചെയ്തുകൊണ്ടിരിക്കുന്നത്. ഗോത്രവർഗ്ഗ മലഅരയന്മാരുടെ ആചാരമായിരുന്ന മകരവിളക്ക് ഏകപക്ഷീയമായി ദേവസ്വം ബോർഡ് ഏറ്റെടുക്കുകയായിരുന്നു. മുഖ്യമന്ത്രി ഇടപെട്ട് ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ ഏകപക്ഷീയ നിലപാടുകളും തീരുമാനങ്ങളും തിരുത്തണം.

പെൺകെണി: ഹർജി 24ലേക്ക് മാറ്റി

കൊച്ചി: മുൻമന്ത്രി എ.കെ. ശശീന്ദ്രൻ രാജിവയ്ക്കാനിടയായ പെൺകെണി കേസിലെ ജാമ്യ വ്യവസ്ഥയിൽ ഇളവ് തേടി സ്വകാര്യ ചാനൽ സി.ഇ.ഒ ആർ. അജിത്കുമാറും ഇൻവസ്റ്റിഗേഷൻ ടീം ലീഡർ കെ. ജയചന്ദ്രനും നൽകിയ ഹർജി ഹൈക്കോടതി 24 ലേക്ക് മാറ്റി. പ്രധാന ചുമതലകൾ വഹിക്കുന്ന തങ്ങൾക്ക് ചാനൽ ഓഫീസിൽ പ്രവേശനം അനുവദിക്കണമെന്നാണ് ആവശ്യം. മന്ത്രിയുടെ അശ്ലീല സംഭാഷണം പകർത്തിയ ഓഡിയോ സി.ഡി കണ്ടെത്താത്തതിനാൽ ഇളവനുവദിക്കരുതെന്ന് പൊലീസ് അറിയിച്ചു. തുടർന്നാണ് ഹർജി മാറ്റിയത്.

യുവാവ് ട്രെയിനിൽ നിന്ന് വീണുമരിച്ച സംഭവം: കൊല്ലം സ്വദേശി കസ്റ്റഡിയിൽ

കൊല്ലം: ഹോട്ടൽ മാനേജ്മെന്റ് വിദ്യാർത്ഥി ട്രെയിനിൽ നിന്ന് വീണുമരിച്ച സംഭവവുമായി ബന്ധപ്പെട്ട് കൊല്ലം ആശ്രാമം സ്വദേശിയായ യുവാവിനെ പൊലീസ് കസ്റ്റഡിയിലെടുത്തു. പത്തനംതിട്ട സ്വദേശി ഉല്ലാസാണ് (27) മരിച്ചത്.

ആശ്രാമം സ്വദേശി കണ്ണൻ എന്ന് വിളിക്കുന്ന അഭിജിത്തിനെയാണ് (25) കണ്ണൂർ കണ്ണപുരം പൊലീസ് കസ്റ്റഡിയിലെടുത്തത്. ഏപ്രിൽ 4ന് ട്രെയിൻ യാത്രയ്ക്കിടെയാണ് കണ്ണൂർ കണ്ണപുരത്തിനും പഴയങ്ങാടിക്കും മദ്ധ്യേയാണ് ഉല്ലാസ് അപകടത്തിൽപ്പെട്ടത്. സംഭവത്തിന് പിന്നിൽ ദുരൂഹതയുണ്ടെന്ന ഉല്ലാസിന്റെ ബന്ധുക്കളുടെ പരാതിയെ തുടർന്നാണ് പൊലീസ് അന്വേഷണം തുടങ്ങിയത്.

തിരുവനന്തപുരം- വെരാവൽ എക്സ്പ്രസിലെ യാത്രക്കാരായിരുന്നു ഇരുവരും. ഉല്ലാസ് ട്രെയിനിൽ നിന്ന് വീണ വിവരം തൊട്ടടുത്ത റെയിൽവേ സ്റ്റേഷൻ അധികൃതരെ അറിയിച്ചത് അഭിജിത്തായിരുന്നു. യാത്രയ്ക്കിടെ ട്രെയിനിൽ വച്ച് പരിചയപ്പെട്ടുവെന്നാണ് പറഞ്ഞത്. അബോധാവസ്ഥയിൽ ട്രാക്കിൽ കിടന്ന ഉല്ലാസിനെ പൊലീസ് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. തുടർന്ന് സാക്ഷിയെന്ന നിലയിൽ അഭിജിത്തിനെ കണ്ണപുരം പൊലീസ് മൊഴിയെടുക്കാൻ ബന്ധപ്പെട്ടപ്പോൾ സഹകരിക്കാൻ വിസമ്മതിച്ചത് സംശയത്തിനിടയാക്കി.

ഇതിനിടെ അഭിജിത്തിന്റെ പാലക്കാട് സ്വദേശിയായ ബന്ധുവിനെ ഇൻക്വസ്റ്റിന്റെ ഭാഗമായി വിളിച്ചുവരുത്തി. അഭിജിത്ത് ഉല്ലാസുമൊത്ത് വീട്ടിൽ എത്തിയിരുന്നെന്നും 40,000 രൂപ നൽകിയാണ് താൻ യാത്രയാക്കിയതെന്നും ബന്ധു പറഞ്ഞു. ഇതോടെ അന്വേഷണം കാര്യക്ഷമമാക്കിയ പൊലീസ് കൊല്ലത്തും നിരീക്ഷണം ശക്തമാക്കി.

സംഭവശേഷം അഭിജിത്ത് കഴിഞ്ഞദിവസം കൊല്ലത്തെ വീട്ടിലെത്തിയപ്പോൾ കൊല്ലം ഈസ്റ്റ് പൊലീസ് കസ്റ്റഡിയിലെടുക്കുകയായിരുന്നു. ഇത്രയും നാൾ ഗോവയിലായിരുന്നുവെന്ന് ഇയാൾ പറഞ്ഞു. കൂടുതൽ വിവരങ്ങൾ ചോദ്യം ചെയ്യലിലൂടെ മാത്രമേ ലഭ്യമാവുകയുള്ളുവെന്ന് കണ്ണപുരം എസ്.ഐ പി.എ. ഫിലിപ്പ് പറഞ്ഞു. ഉല്ലാസിന്റെ മൊബൈൽ ഫോണാണ് അഭിജിത്ത് ഇത്രയും നാൾ ഉപയോഗിച്ചതെന്ന് കണ്ടെത്തിയിട്ടുണ്ട്.

എന്നാൽ, ബോധപൂർവം കേസിൽ കുടുക്കാനുള്ള ശ്രമമാണ് സംഭവത്തിന് പിന്നിലെന്നാണ് അഭിജിത്തിന്റെ ബന്ധുക്കൾ പറയുന്നു. പരിക്കേറ്റ ഉല്ലാസിനെ ആശുപത്രിയിലെത്തിച്ചതും ഒപ്പം നിന്ന് പരിചരിച്ചതും അഭിജിത്താണെന്നും ബന്ധുക്കൾ പറയുന്നു. സൈബർസെല്ലിന്റെ സഹായത്തോടെ കൂടുതൽ അന്വേഷണം നടത്താനാണ് പൊലീസ് ശ്രമിക്കുന്നത്

മണ്ണിനെത്തൊട്ട വിജയം... ആറന്മുള ഐക്കര ജംഗ്ഷനിൽ ആറന്മുള അരിയുടെ സംസ്ഥാനതല വിപണനത്തിന്റെയും അരിക്കടയുടെയും ഉദ്ഘാടനം ചെയ്യാനെത്തിയ കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ അരിച്ചാക്ക് പരിശോധിക്കുന്നു, വീണാ ജോർജ് എം.എൽ.എ സമീപം ഫോട്ടോ: വിപിൻ വേദഗിരി